# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3140.** **13-03-2017 ൽ മറുപടിയ്ക്ക്**

## ചെങ്ങന്നൂർ താലൂക്കിലെ നെൽകൃഷി പാടങ്ങളിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം

**ചോദ്യം**
ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെങ്ങന്നൂർ താലൂക്കിലെ വിവിധ പഞ്ചായത്തുകളിലെ നെൽകൃഷി പാടങ്ങളിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം മൂലം കൃഷിക്കാർക്ക് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃഷിക്കാരുടെ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ചെങ്ങന്നൂർ താലൂക്കിലെ നെൽകൃഷി പാടങ്ങളിൽ വരൾച്ചയുടെ ആധിക്യം മൂലമുണ്ടായ ജലദൗർലഭ്യം മൂലം പട്ടാളപ്പുഴു ബാധ നിയന്ത്രിക്കാൻ സാധിക്കാതെ വരികയും തന്മൂലം 609 ഹെക്ടറിൽ നെൽകൃഷി നാശം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. 5.47 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ബി) | കൃഷിക്കാർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നഷ്ടപരിഹാരത്തുക എന്ന് വിതരണം ചെയ്യുമെന്ന് വിശദീകരിക്കുമോ? | (ബി) | വിളനാശം സംഭവിച്ച കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ